(Pages : 3) **B – 3111**

Reg. No. : .....

Name : .....

First Semester B.Com. Degree Examination, December 2016
First Degree Programme Under CBCSS
Language Course – I (Additional Language – I)
MALAYALAM
ML 1111.2 : Novel, Natakam, Sanchara Sahityam
(2014 Admission Onwards)

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1) മലയാളത്തിലെ നോവലിനെ സംബന്ധിച്ച ആദ്യലക്ഷണഗ്രന്ഥമായ 'നോവൽ സാഹിത്യം' രചിച്ചതാര് ?

2) ചെറുകാട് സ്മാരക ശക്തി അവാർഡു നേടിയ 'കുടുക്ക അഥവാ വിശക്കുന്നവന്റെ വേദാന്തം' എന്ന നാടകത്തിന്റെ കർത്താവ്.

3) 'സ്വന്തം മണ്ണിൽ ശവമായി കിടക്കുന്നതൊരന്തസ്സു തന്ന്യാ' എന്നു പറയുന്നതാര് ?

4) ''ബീരാനേ, കുട്ടികൾക്കേ ചിരിക്കാൻ കഴിയൂ'' ആരുടെ വാക്കുകളാണിത് ?

5) സ്വഹിലി എന്ന വാക്കിന്റെയർത്ഥമെന്ത് ?

6) മറക്കുടയ്ക്കുള്ളിലെ മഹാനരകം എന്ന നാടകം രചിച്ചതാര് ?

7) വയലാർ അവാർഡു ലഭിച്ച 'ജീവിതത്തിന്റെ പുസ്തകം' ആരുടേതാണ് ?

8) ആഫ്രിക്കയിലെ ഭൂരിഭാഗം കച്ചവടക്കാരും ഇന്ത്യയിലെ ഏതു പ്രദേശക്കാരാണെന്നാണ് എസ്. കെ. പറയുന്നത് ?

9) കൈരളിയുടെ കഥ എന്ന സാഹിത്യചരിത്ര ഗ്രന്ഥം എഴുതിയതാര് ?

10) 'അതേടാ, എതിർപ്പിന്റെ പ്രവാചകനാ രാവുണ്ണി' ആരാണിങ്ങനെ പറയുന്നത് ?

(10×1=10 മാർക്ക്)

All Saints' College Trivandrum

II. **ഒരു** ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11) കാർത്തിയെ നോവലിസ്റ്റ് അവതരിപ്പിക്കുന്നതെങ്ങനെ ?

12) 'ഇതാ, കാര്യസ്ഥാ കളിപ്പിക്കുന്നതിനൊരതിരു വേണം''. രാവുണ്ണി ഇങ്ങനെ പറയുന്നതെപ്പോൾ ?

13) 'ആന തന്ന അങ്ങുന്നിനുണ്ടോ തോട്ടി തരാൻ പ്രയാസം.' ഇവിടെ സൂചിപ്പിക്കുന്നത് എന്ത് ?

14) ആഫ്രിക്കയിലെ ഗുജറാത്തികളുടെ വിവരണം എസ്. കെ. യുടെ കാഴ്ചപ്പാടിൽ ?

15) മുസ്ലിയാരകം വീടിന്റെ മൂലയിൽ കാർത്തി ദേവീവിഗ്രഹം സ്ഥാപിക്കാനിടയായ തെങ്ങനെ ?

16) ആഫ്രിക്കയിലെ ഗുജറാത്തികച്ചവടക്കാരുടെ 'പഞ്ചാര വഞ്ചന' എന്തെന്നു വിശദമാക്കുക.

17) പ്രപഞ്ചത്തിലെ കാമത്തെ ഒതുക്കുന്ന ഗന്ധ സൗരഭ്യമായിരുന്നു കാർത്തി. വിശദീകരിക്കുക.

18) ആദ്യകാല മലയാള രാഷ്ട്രീയ നാടകങ്ങളെപ്പറ്റി കുറിപ്പെഴുതുക.

19) പ്രഹസനങ്ങളുടെ പൊതു സ്വഭാവം എന്ത് ?

20) മറ്റു സഞ്ചാര സാഹിത്യകാരന്മാരിൽ നിന്നും എസ്. കെ. പൊറ്റെക്കാടിനെ വേറിട്ടു നിർത്തുന്ന പ്രത്യേകതകൾ ?

21) സാമുദായിക അസ്വസ്ഥത 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന നാടകത്തിന്റെ സ്വഭാവമാണ്. ശരിയോ ?

22) ആധുനിക നോവലുകളുടെ പ്രധാന നാലു സവിശേഷതകൾ വിശദമാക്കുക.

(8×2=16 മാർക്ക്)

III. **ഓരോന്നിനും 120** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

23) മലയാളനാടക പ്രസ്ഥാനത്തിൽ 'രാവുണ്ണി' എന്ന നാടകം ശ്രദ്ധേയമാകുന്നതെന്തു കൊണ്ട് ?

24) കുട്ടികളുടെ നാടകവേദിയുടെ പ്രസക്തി എന്ത് ?

All Saints College Trivandrum

25) യാത്രാവിവരണമേഖലയിലെ കുലപതിയാണ് എസ്. കെ. പൊറ്റക്കാട്. സ്ഥാപിക്കുക.

26) നോവൽ എന്ന സാഹിത്യരൂപം രൂപപ്പെടാനിടയായതെങ്ങനെ ?

27) മുസ്ലിയാരകം വീട്ടിലെത്തിയ കാർത്തിയ്ക്ക് മാമുട്ടിയില്ലാത്ത സന്ദർഭങ്ങളിലുണ്ടായ പരിവർത്തനങ്ങളെന്തൊക്കെ ?

28) കാപ്പിരികൾ ആരാധിച്ചിരുന്ന വിരൂപ വൃക്ഷത്തിന്റെ പേരെന്തായിരുന്നു ? എന്തായിരുന്നു അതിനെ സംബന്ധിച്ചുള്ള അവരുടെ വിശ്വാസങ്ങൾ ?

29) 'നല്ലൊരു കടക്കാരനാകാൻ ഈശ്വരാ നീയെന്നെ അനുഗ്രഹിക്ക് ' ഇങ്ങനെ പ്രാർത്ഥിക്കുന്ന രാവുണ്ണിയുടെ കടത്തെക്കുറിച്ചുള്ള സങ്കല്പങ്ങൾ എന്തൊക്കെ ?

30) ആദ്യകാല നോവലുകളിൽ വെച്ച് ഇന്ദുലേഖയ്ക്കുള്ള വൈശിഷ്ട്യങ്ങൾ എന്തൊക്കെ ?

31) പി. എം. താജിന്റെ വേറിട്ട നാടകദർശനം വിലയിരുത്തുക. **(6×4=24 മാർക്ക്)**

IV. **മൂന്നു പുറ**ത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32) മലയാളത്തിലെ യാത്രാവിവരണസാഹിത്യത്തെക്കുറിച്ച് ഒരവലോകനം നടത്തുക.

33) സൂഫി പറഞ്ഞ കഥ പുതിയ മാനവികതയുടെ ആഖ്യാനമാണ് – ഉപന്യസിക്കുക.

34) സ്വാർത്ഥതയും വഞ്ചനയും നിറഞ്ഞ സമൂഹത്തിൽ ബഹിഷ്കൃതമാകുന്ന നേർവഴികളെക്കുറിച്ച് അവബോധം വളർത്തുന്ന മികച്ച കലാസൃഷ്ടിയാണ് 'രാവുണ്ണി'. സമർത്ഥിക്കുക.

35) 'സൂഫി പറഞ്ഞ കഥ' പുരാഗാഥകളിൽ നിന്നു രൂപപ്പെടുന്നതാണ്. ചർച്ച ചെയ്യുക. **(2×15=30 മാർക്ക്)**

All Saints' College Trivandrum